"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - അഴുത ബ്ലോക്ക് പഞ്ചായത്ത് - പീരുമേട് താലൂക്കാശുപത്രിയിൽ സാമൂഹികാരോഗ്യ കേന്ദ്രത്തിന് അനുവദിച്ചിരിക്കുന്നത് പോലെ രണ്ട് ഡോക്ടർമാരെയും രണ്ട് പാരാമെഡിക്കൽ സ്റ്റാഫുകളെയും നിയമിക്കാൻ അഴുത ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1886/2025/LSGD തീയതി,തിരുവനന്തപുരം, 31-07-2025

---

പരാമർശം:-

1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. 25.10.2023ലെ ഡിഎ1/363/2023-തസ്വഭവ നമ്പർ സർക്കുലർ
3. അഴുത ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 15.03.2025ലെ P1-224/2025 നമ്പർ കത്തും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 13.03.2025-ലെ 1(3) -ാം നമ്പർ തീരുമാനവും
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.06.2025-ന് നടന്ന യോഗത്തിന്റെ തീരുമാനം 4.63

**<u>ഉത്തരവ്</u>**

തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും തങ്ങളുടെ കീഴിലുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാൻ പരാമർശം 1 മാർഗ്ഗരേഖ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. അത് പ്രകാരം താലൂക്ക് ആശുപത്രികളിൽ ഒരു ഡോക്ടറെയും, ഒരു പാരാമെഡിക്കൽ സ്റ്റാഫിനെയുമാണ് ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിന് നിയമിക്കാവുന്നത് എന്ന് പരാമർശം 2 സർക്കുലർ പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്.

2. പീരുമേട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ 2022 നവംബർ മുതൽ മെറ്റേർനിറ്റി യൂണിറ്റ് പ്രവർത്തനം ആരംഭിച്ചതിനെ തുടർന്ന് ഇവിടെ 6 സ്റ്റാഫ് നേഴ്സ്, 5 അറ്റൻഡർ എന്നിവർ ഉൾപ്പെടെ 17 സ്റ്റാഫിനെ താൽകാലികാടിസ്ഥാനത്തിൽ അഴുത ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 2022 നവംബർ മുതൽ നിയമിച്ചിട്ടുണ്ട് എന്നും, ഇതിന്മേൽ സംസ്ഥാന ലോക്കൽഫണ്ട് ഓഡിറ്റ് വിഭാഗം കുറിപ്പെഴുതി ബാധ്യത രേഖപ്പെടുത്തി സർക്കാർ സാധൂകരണം വാങ്ങേണ്ടതാണെന്ന് അറിയിച്ചിട്ടുള്ളതിനാൽ പീരുമേട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ബ്ലോക്ക് പഞ്ചായത്ത് നടത്തിയ നിയമനത്തിന് മുൻകാല പ്രാബല്യത്തോടെ സാധൂകരണം നൽകണമെന്ന് അഴുത ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

3. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2022 നവംബർ മുതൽ അധിക സ്റ്റാഫിനെ നിയമിച്ചതിന് ഓഡിറ്റ് കുറിപ്പുള്ളതിനാൽ സാധൂകരണത്തിനായി തദ്ദേശ സ്വയംഭരണ വകുപ്പിൽ പ്രത്യേകം അപേക്ഷ നൽകേണ്ടതാണ് . പീരുമേട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ പ്രധാന ഗുണഭോക്താക്കൾ എസ്റ്റേറ്റ് തൊഴിലാളികളാണ് എന്നത് പരിഗണിച്ച്, പരാമർശം 2 പ്രകാരം സാമൂഹികാരോഗ്യ കേന്ദ്രത്തിന് അനുവദിച്ചിരിക്കുന്നത് പോലെ, ഇനി മുതൽ രണ്ട് ഡോക്ടറെയും രണ്ട് പാരാമെഡിക്കൽ സ്റ്റാഫിനെയും പീരുമേട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിയമിക്കുന്നതിന് അഴുത ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു. ഡോക്ടറെ ആവശ്യമില്ലെങ്കിൽ അതേ എണ്ണത്തിൽ നേഴ്സിനെ കൂടി നിയമിക്കാവുന്നതാണ്. ഇതിൽ അധികരിച്ചുള്ള സ്റ്റാഫിന്റെ കുറവ് നികത്തുന്ന കാര്യം ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ബ്ലോക്ക് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ റ്റി വി

ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്/ സെക്രട്ടറി, അഴുത ബ്ലോക്ക് പഞ്ചായത്ത്, ഇടുക്കി - 685531
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
3. ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷൻ, ഇടുക്കി
4. ജില്ലാ പ്ലാനിംഗ് ഓഫീസ, ഇടുക്കി
5. ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്), ഇടുക്കി
6. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
7. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
8. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
9. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
10. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
11. തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
12. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 31-07-2025 11:24:07

സെക്ഷൻ ഓഫീസർ